"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടകയിൽ ഇളവ് നൽകുന്നതിന് ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സമിതിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.156/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/01/2022

---

പരാമർശം:-

1. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ 12.01.2021-ലെ IV(01) നമ്പർ തീരുമാനം
2. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 29.01.2021-ലെ C2/2444/2014 നമ്പർ കത്ത്.
3. ഗ്രാമവികസന കമ്മീഷണറുടെ 27.10.2021-ലെ സി.ആർ.ഡി./190/2021/എച്ച് & റ്റി2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് P W D നിരക്കിൽ വാടക പുതുക്കി നിശ്ചയിച്ചിരുന്നുവെന്നും, എന്നാൽ വർദ്ധിപ്പിച്ച നിരക്കിലുള്ള വാടകയിൽ നിന്നും ഒഴിവാക്കണമെന്ന അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി, ക്ഷീരോൽപാദക സഹകരണ സംഘം, ജീവനി പരിസ്ഥിതി സംരക്ഷണ സമിതി, പ്രസ് സെന്റർ അഞ്ചാലുംമൂട്, സീനിയർ സിറ്റിസൺ അസോസിയേഷൻ എന്നീ സ്ഥാപനങ്ങളുടെ അപേക്ഷകൾ ബ്ലോക്ക് പഞ്ചായത്ത് സമിതി പരിഗണിക്കുകയും രജിസ്റ്റർ ചെയ്ത നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾക്ക് PWD നിരക്കിൽ നിന്നും ഒഴിവാക്കി യുക്തമെന്ന് തോന്നുന്ന നിരക്ക് നിശ്ചയിച്ച് കെട്ടിടം വാടകയ്ക്ക് നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സമിതി പരാമർശം ( 1 ) പ്രകാരം തീരുമാനമെടുത്തിട്ടുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ വാടക ഇളവ് അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച കത്ത് ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചുവരുന്ന മേൽ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളുടെ വാടക നിരക്കിന് നിലവിലുള്ള കോവിഡ് സാഹചര്യം പരിഗണിച്ച് നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം ഇളവ് അനുവദിച്ച് നൽകുന്നതിന് ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്,

ഗ്രാമവികസന കമ്മീഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ/എൽ.ബി.എ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ത.സ്വ.ഭ.വ-ആർസി2/337/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by Suja S K
Date: 21-01-2022 12:05:22
Reason: Approved

സെക്ഷൻ ഓഫീസർ